**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 128** **22-02-2022 - ൽ മറുപടിയ്ക്ക്**

**ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസ് കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കാമോ; ഓർഡിനൻസ് ഇറങ്ങുന്നതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് ലോകായുക്തയിൽ വരാൻപോകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ലോകായുക്തയായി നിയമിക്കപ്പെടാനുള്ള യോഗ്യതാപരിഷ്കരണം ലോകായുക്ത/ഉപ ലോകായുക്ത പദവികളിൽ നിയമിതരായവർ ആ പദവിയിൽ തുടരാൻ അർഹമായ ഉയർന്ന പ്രായപരിധി നിശ്ചയിക്കൽ, ലോകായുക്ത പദവിയിൽ ഒഴിവ് വന്നാൽ കർത്തവ്യ നിർവ്വഹണം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യൽ, 1999-ലെ ലോകായുക്ത നിയമത്തിലെ 12,14 എന്നീ വകുപ്പുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളിലെ പരസ്പര വൈരുദ്ധ്യം ഒഴിവാക്കൽ, അതിനനുസരണമായി 15-ാം വകുപ്പിൽ ഭേദഗതി വരുത്തൽ എന്നിവ അനിവാര്യമാണെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും ലഭിച്ചിരുന്നു. നിലവിലുള്ള നിയമം ഭരണഘടനാ തത്വങ്ങളുമായി യോജിച്ച് പോകുന്നില്ലെന്നും വിലയിരുത്തിയിരുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചതിലൂടെ ഇത് ഒഴിവായിട്ടുണ്ട്. സർക്കാർ ലോകായുക്തയുടെ ഒരു അധികാരവും എടുത്തുകളഞ്ഞിട്ടില്ല. ലോകായുക്ത നിയമം വകുപ്പ് 9 പ്രകാരം അന്വേഷണം നടത്താനും, 12 പ്രകാരം റിപ്പോർട്ട് സമർപ്പിക്കാനും, 14 പ്രകാരം ഒരു പൊതു സേവകൻ സ്ഥാനത്തു നിന്ന് ഒഴിയണമെന്ന് പ്രഖ്യാപനം നടത്താൻ 15 പ്രകാരം പ്രോസിക്യൂഷന് ശിപാർശ ചെയ്യാൻ എന്നിവയ്ക്കുള്ള അധികാരങ്ങളെല്ലാം അതുപോലെ നിലനിൽക്കുകയാണ്. ഇവിടെ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളത് 14 വകുപ്പ് പ്രകാരം ലോകായുക്ത നടത്തുന്ന പ്രഖ്യാപനം പൊതു സേവകനുമേൽ അധികാരമുള്ള കോംപീറ്റന്റ് അതോറിറ്റി അതുപോലെ അംഗീകരിക്കാൻ ബാധ്യസ്ഥനാണ് / ബാധ്യസ്ഥയാണ് എന്ന വ്യവസ്ഥയാണ്. |

| | | | |
|---|---|---|---|
| (ബി) | അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമായേക്കാവുന്ന പ്രസ്തുത നിയമ ഭേദഗതി കൊണ്ടുവരുന്നതിന്റെ ഉദ്ദേശം വ്യക്തമാക്കാമോ; | (ബി) | നിയമഭേദഗതി അഴിമതിക്കോ സ്വജനപക്ഷപാതത്തിനോ ഇടയാക്കുന്നതല്ല. |
| (സി) | ലോകായുക്തയുടെ പരിധിയിൽ ജനപ്രതിനിധികൾ ഉൾപ്പെട്ട എത്ര കേസുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ; | (സി) | രണ്ട് കേസുകൾ നിലവിലുണ്ട്. 1.Complaint No. 1451/2017 ശ്രീ.കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ എതിർകക്ഷിയായിട്ടുള്ള കേസ്. 2. Complaint No. 899/2017. 2016-2021 മന്ത്രി സഭയിലെ അംഗങ്ങൾ എതിർകക്ഷിയായിട്ടുള്ള കേസ്. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് ലോകായുക്ത മുന്നോട്ടുവച്ച നിയമ ഭേദഗതികൾ എന്തെല്ലാം; അവ നിലവിൽ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി) | 1999-ലെ കേരള ലോകായുക്ത നിയമത്തിലെ 7-ാം വകുപ്പിൽ ഭേദഗതി കൊണ്ടുവരുന്നതിന് മുൻ സർക്കാരിന്റെ കാലത്ത്, ലോകായുക്ത ശിപാർശ ചെയ്തിരുന്നു. അതിനനുസൃതമായി 7-ാം വകുപ്പിൽ കൂടി ഭേദഗതി വരുത്തിയാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ